# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2031

07.03.2017 — ൽ മറുപടിക്ക്

## ബി.പി.എൽ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ സമ്പ്രദായത്തിൽ മുൻഗണന, മുൻഗണന-ഇതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; | (എ) 14.01.2011 ലെ സ.ഉ(കൈ)നം. 16/11/ത.സ്വ.ഭ.വ ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27.04.2012 ലെ സ.ഉ(കൈ)നം.112/2012/ ത.സ്വ.ഭ.വ, 03.12.2015 ലെ 392/15/ഭ.സി.സ.വ. 21.07.2015 ലെ 236750/ബി3/15/ഭ.സി.സ.വ നം.കത്ത്, 29.08.16-ലെ സ.ഉ(കൈ)ന. 11/2016 ഭ.പൊ.വി.വ വകുപ്പിന്റെ ഉത്തരവ് എന്നിവ പ്രകാരമാണ് മുൻഗണനാ പട്ടികയിൽ ഉള്ളവരെ കണ്ടെത്തിയിട്ടുള്ളത്. ടി ഉത്തരവുകൾ പ്രകാരം പുറത്താകുന്നവരെ മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) നിലവിൽ ബി.പി.എൽ ആയിരുന്നവർ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെട്ടത്; | (ബി) 14.01.2011 ലെ സ.ഉ(കൈ)നം. 16/11/ ത.സ്വ.ഭ.വ ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27.04.2012 ലെ സ.ഉ(കൈ)നം.112/2012/ ത.സ്വ.ഭ.വ, 03.12.2015 ലെ 392/15/ഭ.സി.സ.വ. 21.07.2015 ലെ 236750/ബി3/15/ഭ.സി.സ.വ നം.കത്ത്, 29.08.16-ലെ സ.ഉ(കൈ)ന. 11/2016 ഭ.പൊ.വി.വ വകുപ്പിന്റെ ഉത്തരവ് എന്നിവ പ്രകാരമാണ് സാമൂഹികവും സാമ്പത്തികവുമായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ 1997 മുതൽ അനുവദിയ്ക്കപ്പെട്ട ബി.പി.എൽ. ആയിരുന്നവർ മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ആയതുമായി ബന്ധപ്പെട്ട് എന്നുവരെ അപ്പീലുകൾ സമർപ്പിക്കാം എന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും പട്ടികയിന്മേൽ ആക്ഷേപമുള്ളവർക്ക് 20.10.2016 മുതൽ 05.11.2016 വരെ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. 21.10.2016 മുതൽ 12.11.2016 വരെ അപ്പീലുകൾ സമർപ്പിക്കുന്നതിന് അവസരം ഉണ്ടായിരുന്നു. 07.01.2017-ന് ഇതുവരെയും ആക്ഷേപം സമർപ്പിക്കുവാൻ കഴിയാത്തവർക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | അർഹതിയില്ലാത്തവർ കടന്നുകൂടിയെന്നും അവരെ ഒഴിവാക്കണമെന്നും കാണിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ഡി) | അനർഹർ എന്ന രീതിയിൽ 57011 അപേക്ഷകൾ ആകെ ലഭിക്കുകയും പരാതികൾ പരിശോധിച്ച് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഡേറ്റാ എൻട്രിയും വെരിഫിക്കേഷനും പൂർത്തീകരിച്ച ശേഷം 33318 അപേക്ഷകളാണ് ഈ വിധത്തിൽ ലഭ്യമായിട്ടുള്ളത്. ഈ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ഉടൻ തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | അർഹതയുണ്ടെന്നും ഉൾപ്പെടുത്തണമെന്നും കാണിച്ച് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; | (ഇ) | ആകെ 1673422 അപേക്ഷകളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് കാണിച്ച് ലഭ്യമായിട്ടുള്ളത്. |
| (എഫ്) | അർഹരായ ആളുകളെ പരിഗണിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ പരിധിക്കുള്ളിൽ വരുന്നവരെ മാത്രമാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. |

*സെക്ഷൻ ഓഫീസർ*